പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2529 — 14/06/2019 ൽ മറുപടിക്ക്

**വീട് നിർമ്മിച്ച് നൽകുമെന്ന ദേവസ്വം ബോർഡ് വാഗ്ദാനം**

ചോദ്യം — മറുപടി

**ശ്രീ.വി.പി.സജീന്ദ്രൻ** — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ഏറ്റുമാനൂർ വിഗ്രഹമോഷണ കേസ് തെളിയിക്കുന്നതിന് നിമിത്തമായ രമണിക്ക് വീട് നിർമ്മിച്ച് നൽകുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റും അംഗവും രമണിയുടെ വീട്ടിലെത്തി വാഗ്ദാനം നൽകിയിരുന്നോ; വിശദമാക്കാമോ; | (എ) യും (ബി) യും | ഏറ്റുമാനൂർ വിഗ്രഹ മോഷണകേസ് തെളിയിക്കുന്നതിന് നിമിത്തമായ രമണിക്ക് ശരണാശ്രയം നിധിയിൽ നിന്നും ഒരു ഭവനം നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൻ പ്രകാരം 12,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ശ്രീ ഉണ്ണികൃഷ്ണൻ, നമ്പർ 54, ഫസ്റ്റ് ക്രോസ്സ് ഫോർത്ത് മെയിൻ, പ്രണവ് നിവാസ്, ശ്രീരാമപുരം ബാംഗ്ലൂർ 21 എന്ന വ്യക്തി തന്റെ സംഭാവനയായി രമണിക്ക് വീട് നിർമ്മിച്ച് നൽകാമെന്ന് സമ്മതപത്രം ഹാജരാക്കുകയും ആയതിന് ബോർഡ് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാഗ്ദാന പ്രകാരം വീട് നിർമ്മിക്കുന്നതിന് എത്ര തുകയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ